**കേരള സർക്കാർ**

## ധനകാര്യ (വ്യയം-സി) വകുപ്പ്

## <u>സർക്കുലർ</u>

**നം. 78/2018/ധന** **തീയതി, തിരുവനന്തപുരം, 18.08.2018**

വിഷയം: യാത്രാബത്ത പരിധി സർക്കാർ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്കു ബാധകമാണെന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന: 1) സ.ഉ. (പി) നമ്പർ 470/92/ധന, തീയതി 01.08.1992
2) സ.ഉ. (പി) നമ്പർ 284/06/ധന, തീയതി 07.07.2006
3) സ.ഉ. (പി) നമ്പർ 137/2016/ധന, തീയതി 09.09.2016

സർക്കാർ വാഹനങ്ങളിൽ യാത്ര നടത്തുമ്പോൾ ഓഫീസർമാർക്ക് ബാധകമാക്കിയിട്ടുള്ള യാത്രാബത്ത പരിധിയിലുള്ള 50% കുറവ് ഡ്രൈവർമാർക്ക് ബാധകമല്ല എന്ന സൂചന (1) പ്രകാരം ഉത്തരവായിരുന്നു. സൂചന (2) അനുസരിച്ച് യാത്രാബത്ത പരിധിയിലുള്ള 50% കുറവ് ഡ്രൈവർമാർക്ക് ബാധകമല്ല എന്ന് വ്യക്തത വരുത്തിയിരുന്നു. സൂചന (3) പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ യാത്രാബത്ത പരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ ഉത്തരവിൽ ഡ്രൈവർമാർക്ക് യാത്രാബത്ത പരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തത പല ഓഫീസുകളിൽ നിന്നും ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം ഔദ്യോഗിക യാത്രയുടെ ഭാഗമായി ഏർപ്പെടുത്തിയ യാത്രാബത്ത പരിധി പൂർണ്ണമായും സർക്കാർ ഡ്രൈവർമാർക്കും ബാധകമാണ് എന്ന് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഡോ.ഷർമിള മേരി ജോസഫ് IAS**
ധനകാര്യ (വ്യയം) സെക്രട്ടറി

പകർപ്പ്
1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ) കേരള. തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
4. എല്ലാ വകുപ്പുതലവന്മാർക്കും, ഓഫീസുകൾക്കും
5. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
7. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (കവറിംങ് ലറ്റർ സഹിതം.)
8. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (കവറിംങ് ലറ്റർ സഹിതം.)
9. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (കവറിംങ് ലറ്റർ സഹിതം.)
10. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/ശ്രീ.ശങ്കരാചാര്യ/മഹാത്മാഗാന്ധി സർവകലാശാലകൾ. (കവറിംങ് ലറ്റർ സഹിതം.)

11. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ (കവറിംങ് ലറ്റർ സഹിതം.)
12. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (കവറിംങ് ലറ്റർ സഹിതം.)
13. ഗവർണ്ണറുടെ സെക്രട്ടറി (കവറിംങ് ലറ്റർ സഹിതം.)
14. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ
15. സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
16. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം.
17. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
18. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
19. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
20. സെക്രട്ടറി, നിയമസഭ സെക്രട്ടറിയേറ്റ്
21. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് (കവറിംങ് ലറ്റർ സഹിതം.)
22. സെക്രട്ടറി, ഓംബുഡ്സ്മാൻ, തിരുവനന്തപുരം
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ